ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ)

(എ) സെൻട്രൽ ഹെൽത്ത് സെക്ടർ പ്രോഗ്രാം വകയായി പകർച്ച വ്യാധികൾ തടയാൻ തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി) പകർച്ചവ്യാധികൾ തടയുന്നതിനായി 15 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ ആവശ്യമുള്ളത്ര പരിശോധനാ കിറ്റുകൾ ലഭ്യമാക്കാനും കേന്ദ്ര ആരോഗ്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ന്യൂഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു വിദഗ്ദ്ധ സംഘം സംസ്ഥാനത്ത് പഠനം നടത്തുകയുണ്ടായി.

(സി) ലഭിച്ചിട്ടില്ല.

(ഡി) ലഭിച്ചിട്ടുണ്ട്. 500 ഡയഗ്നോസ്റ്റിക് കിറ്റുകൾ കോഴിക്കോട്ടെ മെഡിക്കൽ കോളേജിൽ ഡബ്ല്യു.എച്ച്.ഒ. അയച്ചുകൊടുത്തിട്ടുണ്ട് എന്ന വിവരം കിട്ടിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസുകൾ

7 (*655) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ. ഒ. സി. ഇല്ലാതെ തന്നെ വ്യവസായം ആരംഭിക്കുന്നതിനായി ലൈസൻസ് നൽകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പബ്ലിക് ഹെൽത്ത് ആക്ടിലെ വ്യവസ്ഥകളും പരിസര മലിനീകരണം ചെറുക്കുന്ന നിയമത്തിലെ വ്യവസ്ഥകളും പാലിക്കാതെ നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുകയും പ്രാബല്യത്തിൽ നിലനിർത്തുകയും ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള)

(എ) വ്യവസായ സ്ഥാപനം/ഫാക്ടറി മുതലായവ സ്ഥാപിക്കുന്നതിനുള്ള അനുമതി അതതു തദ്ദേശഭരണ സ്ഥാപനവും ലൈസൻസു നൽകുന്നത് അതത് സെക്രട്ടറിമാരുമാണ്. മലിനീകരണ നിയന്ത്രണ ബോർഡുപോലുള്ള സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ പത്രിക ആവശ്യമുള്ള കേസുകളിൽ അത് പാലിയ്ക്കാതെ ലൈസൻസു നൽകുന്ന സെക്രട്ടറിമാരുടെ പേരിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം ശിക്ഷണ നടപടി സ്വീകരിക്കുന്നു.

(ബി) പബ്ലിക് ഹെൽത്ത് ആക്ടിലെ ചട്ടങ്ങൾ പാലിച്ചാണ് വ്യവസായ സ്ഥാപനം/ഫാക്ടറി സ്ഥാപിക്കേണ്ടത് എന്നു കാണുന്നകേസുകളിൽ ആരോഗ്യവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും കൂടിയാണ് ലൈസൻസ് നൽകുന്നത്. ഇത് പാലിക്കാതെ ലൈസൻസ് നൽകുകയും തുടരാൻ അനുവദിക്കുകയും ചെയ്യുന്ന സെക്രട്ടറിമാരുടെ മേൽ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നു.

പ്രവർത്തനക്ഷമമല്ലാത്ത എം ആർ ഐ സ്കാനറുകൾ നന്നാക്കാൻ അടിയന്തിര നടപടി

8 (*658) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ എം.ആർ.ഐ. സ്കാനിംഗ് സൗകര്യമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന ദുർബല വിഭാഗങ്ങളിൽപ്പെട്ട രോഗികളോട് പുറത്തുനിന്നും സ്കാനിംഗ് നടത്താൻ ഡോക്ടർമാർ നിർദ്ദേശം നൽകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മെഡിക്കൽ കോളേജുകളിൽ പ്രവർത്തനക്ഷമമല്ലാത്ത എം.ആർ.ഐ. സ്കാനറുകൾ താമസംവിനാ പ്രവർത്തനസജ്ജമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ)

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ എം.ആർ.ഐ. സ്കാനിംഗ് മെഷീൻ ഇപ്പോൾ ഇല്ല.

(ബി) സ്കാനിംഗ് സൗകര്യമുള്ള മറ്റു ഗവൺമെന്റ് സ്ഥാപനങ്ങളിലേക്ക് രോഗികളെ റഫർ ചെയ്യുകയാണ് പതിവ്. എന്നാൽ ചില അത്യാവശ്യഘട്ടങ്ങളിൽ പുറത്തുനിന്നും സ്കാനിംഗ് നടത്താൻ ആവശ്യപ്പെടേണ്ടതായി വരാറുണ്ട്.

(സി) 'എ' ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ബഡ്ജറ്റ് രൂപീകരണം

9 (*657) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് 31-ന് മുമ്പ് 2003-2004-ലേക്കുള്ള ബഡ്ജറ്റ് പാസ്സാക്കാത്ത എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുണ്ട് ; ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly